
# ST.JOSEPH'S H S S PULINCUNNOO

## DIGITAL MAGAZINE



കുട്ടനാടിൻറെ സിരാകേന്ദ്രമായ പുളിംകുന്നിൽ തലയെടുപ്പോടെ ,സെൻറ് ജോസഫ്സ് ഹയർ സെക്കൻററി സ്കൂൾ നിലകൊള്ളുന്നു. 118 വർഷമായി ഒരു ജനതയെ അജ്ഞതയുടെ അന്ധകാരത്തിൽ നിന്ന് ജ്ഞാന പ്രകാശത്തിലേയ്ക്ക് നയിച്ചുകൊണ്ട് സെൻറ് ജോസഫ്സ് ഹയർ സെക്കൻററി സ്കൂളിന്നും പ്രയാണം തുടരുന്നു... സെൻറ് ജോസഫ്സ് ഹയർ സെക്കൻററി സ്കൂൾ നാടിനു സമ്മാനിച്ച മഹത് വ്യക്തികളും ഏറെയാണ്... വിദ്യാർത്ഥികളെ ബൌദ്ധികവും കായികവും കലാപരവുമായ പടവുകളിലൂടെ കൈപിടിച്ചു നടത്തുന്ന അദ്ധ്യാപകർ സെൻറ് ജോസഫ്സിനെന്നും സ്വന്തമായുണ്ട്... സെൻറ് ജോസഫ്സ് നിങ്ങളെ സ്വാഗതം ചെയ്യുന്നു, സെൻറ് ജോസഫ്സ് വിജയഗാഥ ആസ്വദിക്കാനും അനുധാവനം ചെയ്യാനും ഓരം ചേർന്ന് നടക്കാനും...




## ചരിത്രം

കാർമെലൈറ്റ്സ് ഓഫ് ഇമ്മാക്യുലേറ്റ് - സിഎം ഐ (Carmelites of Mary Immaculate - CMI) എന്ന റോമൻ കത്തോലിക്കാസന്യാസവിഭാഗത്തിൻറെ തിരുവനന്തപുരം സെന്റ് ജോസഫ് പ്രവിശ്യയിലെ അംഗങ്ങൾ 1898-ൽ ആരംഭിച്ചതാണു് സെൻറ് ജോസഫ്സ് സ്കൂൾ . 1861 ലാണു് സി എം ഐ സന്യാസ വൈദികർ ആശ്രമവും ദേവാലയവും ഇവിടെ സ്ഥാപിച്ചത്.

## മാനേജ്മെന്റ്

ഫാ. വരഗീസ് കൊച്ചുപറമ്പിൽ സി. എം. ഐ യാണ് ഇപ്പോൾ ലോക്കൽ മാനേജർ. 19 ആം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചൻ (1805 - 1871)

സ്ഥാപിച്ച സിഎം ഐ സന്യാസ സഭയുടെ കീഴിൽ ഇന്ത്യയിലാകെ 201 സ്കൂളുകൾ, 16 ബിരുദ കലാലയങ്ങൾ, 9 സാങ്കേതിക-വിദ്യാഭ്യാസസ്ഥാപനങ്ങൾ, എഞ്ചിനിയറിങ് കോളെജും മെഡിക്കൽ കോളെജും ഒന്നു വീതവും ഒരു കൽപിത സർവകലാശാലയും (Christ univercity, Bangalore)ഉണ്ട്.കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് മുല്ലശ്ശേരി സി. എം. ഐ ആണ്.

## വ്യക്തിത്വവികസനം

ഒരു മനുഷ്യൻ തുല്യനായി മറ്റൊരു മനുഷ്യനുമില്ല.ഇത് മനുഷ്യന്റെ ഏറ്റവും വലിയ സവിശേഷതയാണ്.ഇതാണ് വ്യക്തിത്വവികസനത്തിന്റെ അടിസ്ഥാനം.കുട്ടികൾ വെറും കളിമണ്ണെന്നു കരുതുക.ആ മണ്ണിനെ എങ്ങനെ വേണമെങ്കിലും കുഴച്ച് ഉരുട്ടി രൂപപ്പെടുത്താം..ഒരിക്കൽ അതിന് രൂപം കിട്ടിയാൽ പിന്നീട് അത് മാറ്റാൻ പാടാണ്.അതിനാൽ കുട്ടികളായിരിക്കുമ്പോൾ തന്നെ അവർക്ക് നല്ല ശീലങ്ങൾ പകർന്നു നൽകേണ്ടത് അത്യാവശ്യമാണ്. “ചൊട്ടയിലെ ശീലം ചുടലെവരെ" നമ്മെ പിന്തുടരുന്നു.

വ്യക്തിത്വവികസന പ്രക്രിയയിൽ രണ്ടു ഘടകങ്ങളാണ് സുപ്രധാനം ഒന്ന് :പാരമ്പര്യം,രണ്ട്:പരിശീലനം.ഏഴാം തലമുറയിൽ നിന്നുവരെയുള്ള ഗുണനസവിശേഷതകൾ കുഞ്ഞിനു ലഭിക്കാം.അറിവ്, പെരുമാറ്റരീതി,സാമുഹിക പ്രതിബദ്ധത,മുല്യബോധം തുടങ്ങിയവയെല്ലാം പരിശീലനത്തിലൂടെ ലഭിക്കുന്ന ഗുണനസവിശേഷതകളാണ്.മാതാപിതാക്കൾ, അധ്യാപകർ,പുരോഹിതർ,സുഹ്രത്തുക്കൾ,ഇടപെടുന്ന മറ്റുവ്യക്തികൾ ആസ്വദിക്കുന്ന കലാരൂപങ്ങൾ,ജീവിതാനുഭവങ്ങൾ മുതലായവയും ഒരുവന്റെ വ്യക്തിത്വ വളർച്ചയിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്.

നാം ഇന്ന് കുട്ടികൾക്ക് നല്ല കാര്യങ്ങളേക്കാൾ ചീത്തകാര്യങ്ങളാണ് കൂടുതൽ പഠിപ്പിക്കുന്നത്. “നീ പരീക്ഷയിൽ ഉന്നതവിജയം നേടണം ഒന്നാമനാകണം"എന്നു പറയുന്ന അച്ഛനമ്മമാർ ധാരാളം ഇതിൽ എത്രപേർ നീ വാങ്ങുന്ന മാർക്ക് സത്യസന്ധമായും നേർവഴിയിലും നേടുന്നതാവണം എന്നും പറയാറുണ്ട്.തോറ്റാലും സാരമില്ല കള്ളത്തരം കാട്ടി ജീവക്കരുതെന്ന് പറയുന്ന എത്ര മാതാപിതാക്കളുണ്ട്.അമിതമായലാളനയും അതിരുകടന്ന ശ്രദ്ധയും മൂലം പലകുട്ടികളും കഴിവുകൾ നേടാതെ വളർന്നതിനുശേഷവും മാതാപിതാക്കളെ ആശ്രയിച്ചു നിൽക്കുന്നു. ഇത് വ്യക്തി വൈകല്യത്തിന് കാരണനാകുന്നു.
ഓരോ പ്രായത്തിനും അതിനനുസരിച്ച് നന്മകളുടെ സന്ദേശം നൽകുക. സ്നേഹവും കരുണയും ആർദ്രതയുമൊക്കെ മനുശ്യർക്ക് മാത്രമുള്ള വികാരങ്ങളാണ്. ഈ വികാരം കുട്ടികൾക്ക് ബാല്യം മുതൽ നാം പകർന്നു നൽകണം. പക്വത നേടുക വ്യക്തിത്വ വികസനത്തിന്റെ സുപ്രധാന കാര്യമാണ്. ശാരീരിക പക്വത, വിവേകപൂർവ്വമായ ചിന്ത, നിരീക്ഷണ ശക്തി, പ്രതികരണ ശേഷി, പ്രതിഭാ സമ്പന്നരിൽ നിന്നുള്ള പഠനം, ധാർമിക പക്വത ഇവയെല്ലാം നേടിയാലേ മനുഷത്വ പൂർണ്ണത ഉണ്ടാകൂ.

ചെറുപ്പം മുതലേ കുട്ടികൾക്ക് നല്ല ശീലങ്ങൾ പഠിപ്പിക്കുക. നന്മയുടെ നല്ല ഉടമകളാകട്ടെ, സുഗന്ധം പരത്തുന്ന പനിനീർ ചെടികളെപ്പോലെ ....... അതിനായി നമുക്കോരോരുത്തർക്കും കൈകോർക്കാം.

## ഭൗതികസൗകര്യങ്ങൾ

### കമ്പ്യൂട്ടർ ലാബുകൾ

യുപി വിഭാഗത്തിനും ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. മൂന്ന് ലാബുകളിലുമായി ഏകദേശം അറുപതോളം കമ്പ്യൂട്ടറുകളുണ്ട്. എല്ലാ ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

**ചാവറ മീഡിയ ഇൻററ ഫേസ്**

ആധുനിക സാങ്കേതിക മികവോടെ ശബ്ദലേഖനം, ശബ്ദമിശ്രണം, വീഡിയോ സംയോജനം വരെ ചെയ്യാവുന്ന മീഡിയ സ്റ്റുഡിയോയാണ് ചാവറ മീഡിയ ഇന്റർ ഫേസ്. ഒരു വോയിസ് ബൂത്തും, ഒരു കൺസോളും അടങ്ങുന്നതാണ് സ്റ്റുഡിയോ സമുച്ചയം. ചുവരുകൾ ശബ്ദ പ്രതിബിംബങ്ങളെ തടയത്തക്കവിധം പരിചരിക്കപ്പെട്ടിട്ടുണ്ട്. മീഡിയ ബന്ധിയായ എല്ലാത്തരം ജോലികളും സാങ്കേതികമികവോടെ നിർവ്വഹിക്കാൻ സാധ്യമാണ്.

**മൾട്ടി മീഡിയ മിനി തീയറ്റർ**

**ഇൻഡോർ സ്റ്റേഡിയം**

**പോർട്ടബിൾ സ്മാർട്ട് ക്ളാസ്സ്**

## ചതുർഭാഷാ നൈപുണി

പുളിംകുന്ന് സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രത്യേകിച്ച് യു.പി.വിഭാഗത്തിലെ കുട്ടികളെ ഭാഷയിൽ നിപുണരാക്കുന്നതിനുവേണ്ടി ആരംഭിച്ച കർമപരിപാടിയാണ് ചതുർഭാഷാ നൈപുണി. പല സ്കൂളുകളിൽ നിന്നായി ഇവിടെ വന്നുചേരുന്ന കുട്ടികളിൽ പലരും നിരക്ഷരരാണ്. അവരെ കണ്ടെത്തി മുഖ്യധാരയിലേയ്ക്ക് കോണ്ടുവരുന്നതിനായി രൂപംകൊടുത്ത ഈ പദ്ധതി രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും പ്രശംസയ്ക്ക് പാത്രമായിരിക്കുകയാണ്. ശരിയായി എഴുതുവാനോ വായിക്കുവാനോ കഴിയാത്ത കുട്ടികളെ കണ്ടെത്തുകയായിരുന്നു പ്രഥമ ഘട്ടം. ഏതാണ്ട് 98 കുട്ടികളുണ്ടായിരുന്നു ഇങ്ങനെയുള്ളവർ. അവരെ രണ്ടു ബാച്ചുകളിലായി ശനിയാഴ്ചകളുൾപ്പെടെയുള്ള ദിവസങ്ങളിൽ അവർക്ക് ക്ളാസ്സുകൾ നൽകി. തുടർ മൂല്യനിർണയത്തിൻറെ അടിസ്ഥാനത്തിൽ മുപ്പതു ക്ളാസ്സുകൾക്കുശേഷം അവരെ രണ്ടു ഗ്രൂപ്പുകളാക്കി. എഴുതുവാനും വായിക്കുവാനും പഠിച്ചവർ ആശാൻ ഗ്രൂപ്പും മറ്റുള്ളവർ ഉള്ളൂർ ഗ്രൂപ്പും. തുടർന്നുള്ള ക്ളാസ്സുകളുടെ ഫലമായി ഉള്ളൂർ ഗ്രൂപ്പിനെ വീണ്ടും വിഭജിക്കാറായിരിക്കുന്നു. അഞ്ചാം ക്ളാസ്സ് മുതൽ പഠിക്കുന്ന കുട്ടികൾ കേവലം മലയാളം മാത്രം എഴുതാനും വായിക്കാനും പഠിച്ചാൽ പോര, അവർ ഇംഗ്ളീഷും ഹിന്ദിയും കൈകാര്യം ചെയ്യണം, അതിൽ പ്രാവീണ്യമുള്ളവരാകണം. വരും തലമുറയ്ക്ക് കമ്പ്യൂട്ടർ ഒഴിച്ച് കൂടാനാവാത്ത ഒന്നായി മാറും. അതുകൊണ്ട് അവർ കമ്പ്യൂട്ടർ പരിജ്ഞാനവും നേടണം. അതുകൊണ്ടാണ് ഈ പദ്ധതിക്ക് ചതുർഭാഷാ നൈപുണി എന്നു പേരിട്ടിരിക്കുന്നത്. ഹെഡ് മാസ്റ്റർ ശ്രീ. ജോർജ് മേടയിൽ സാറിൻറെ പ്രത്യേക താൽപര്യമാണ് ഈ പദ്ധതി രൂപമെടുക്കാൻ കാരണം. ഇതിൻറെ വിജയം നിസ്വാർത്ഥരും കഠിനാദ്ധ്വാനികളുമായ

ഇവിടുത്തെ അദ്ധ്യാപകരിലൂടെ കൈവന്നുകൊണ്ടിരിക്കുന്നു.ശ്രീ. എൻ. സി. തോമസ്സ് സംഘാടകത്വം നിർവ്വഹിക്കുന്നു.

## യൂണിഫോം

•ബുധനാഴ്ച ഒഴികെയുള്ള എല്ലാ ക്ലാസ്സ് ദിവസങ്ങളിലും ഹൈസ്കൂൾ, യു.പി. സ്കൂൾ വിദ്യാർത്ഥികൾ യൂണിഫോം ധരിക്കേണ്ടതാണ്

•സ്കൂൾ അധികൃതര് നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ദിവസങ്ങളിലും വിദ്യാർത്ഥികൾ യൂണിഫോം ധരിക്കേണ്ടതാണ്

•യൂണിഫോം ധരിക്കുവാന് നിർദ്ദേശിച്ചിട്ടുള്ള ദിവസങ്ങളില് യൂണിഫോം ഇല്ലാതെ വരുന്ന കുട്ടികളെ യാതൊരു കാരണവശാലും ക്ലാസ്സില് കയറ്റുന്നതല്ല

## ബോര്ഡിംഗ് ഹൌസും സ്പോര്ട്ട്സ് ഹോസ്റ്റലും

ഈ സ്കൂളിലെ ആണ്കുട്ടികള്ക്കു ഒരു ബോർഡിംഗ് ഹൌസും സ്പോർട്ട്സ് ഹോസ്റ്റലും സ്കൂൾ പരിസരത്ത് പ്രവര്ത്തിച്ചുവരുന്നു സ്കൂൾ ബോർഡിങ്ങിലും സ്പോർട്ട്സ് ഹോസ്റ്റലിലും കുട്ടികൾ അച്ചടക്കം പാലിക്കേണ്ടതാണ്. അതിനു വിരുദ്ധമായി പെരുമാറിയാല് അത്തരം കുട്ടികളെ ബോര്ഡിംഗില് നിന്നും / ഹോസ്റ്റലില്നിന്നും അതുപോലെ സ്കൂളില് നിന്നും പിരിച്ചുവിടുന്നതാണ്

## ഇംഗ്ലീഷ് മീഡിയം

വളര്ന്നുവരുന്ന തലമുറയുടെ അഭിരുചിയെ ലാക്കാക്കി എല്ലാ ക്ലാസ്സുകളിലും സമാന്തര ഇംഗ്ലീഷ് മാധ്യമ ക്ലാസ്സുകളും കൂടി നടത്തുന്നുണ്ട്

**രക്ഷാകർത്താക്കളോട്**

1.മക്കള്ക്ക് വിദ്യാഭ്യാസം നല്കാനുള്ള പ്രധാന ചുമതല അച്ഛനും അമ്മയ്ക്കുമാണ് ഇക്കാര്യത്തില് അവരെ സഹായിക്കുന്നവരാണ് അദ്ധ്യാപകര് രക്ഷാകര്ത്താക്കള് മാസത്തിലൊരിക്കല് സ്കൂളിലെത്തി കുട്ടികളുടെ പെരുമാറ്റത്തെയും അദ്ധ്യായന നിലവാരത്തെയും പറ്റി അന്വേഷിച്ചറിയുന്നത് നല്ലതാണ്

2.അദ്ധ്യാപകരെയോ, വിദ്യാര്ത്ഥികളെയോ കാണാന് സ്കൂളിലെത്തുന്ന രക്ഷാകര്ത്താക്കള് പ്രിസിപ്പലിന്റെ അനുവാദത്തോടുകൂടി മാത്രം അവരെ കാണേണ്ടതാണ് ക്ലാസ്സില് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകരെ അവിടെ പോയിക്കാണുന്നത് മറ്റു കുട്ടികളുടെ പഠനസമയം നഷ്ടത്തുന്നതിനാല് അത് എപ്പോഴും ഒഴിവാക്കേണ്ടതാണ്

3.വിദ്യാര്ത്ഥികളുടെ പഠന താല്പര്യത്തെപ്പറ്റി ഗ്രഹിക്കുന്നതിനും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരെ കണ്ട് സംസാരിക്കുന്നതിനുമുള്ള അവസരമാണ് അദ്ധ്യാപക - രക്ഷാകര്ത്തൃ സമ്മേളനം അതിനാല് പ്രസ്തുത സമ്മേളനത്തില് എല്ലാ രക്ഷാകര്ത്താക്കളും നിര്ബന്ധമായി പങ്കെടുക്കേണ്ടതാണ്

4.ഓരോ വിദ്യാര്ത്ഥിയും ക്ലാസ്സ് ദിവസം കുറഞ്ഞത് 5 മണിക്കൂറും അവധി ദിവസം 8 മണിക്കൂറും വീട്ടിലിരുന്ന് പഠനത്തിനായി ചെലവഴിക്കണം ഇതിനുപകരം ഒരു ടൈടേബിള് തയ്യാറാക്കണം സ്കൂള് കലണ്ടറില് കൊടുത്തിരിക്കുന്നതു മാതൃകയാക്കി വീട്ടിലെ സാഹചര്യങ്ങള്ക്കനുസൃതമായി കുട്ടികളുടെ സഹകരണത്തോടെ ടൈടേബിള് തയ്യാറക്കണം ഇതനുസരിച്ച് കൃത്യനിഷ്ഠയോടെ പഠിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ രക്ഷാകര്ത്താക്കൾ ചെയ്തുകൊടുക്കണം

5.രക്ഷാകര്ത്താക്കൾ തങ്ങളുടെ കുട്ടികളുടെ പരീക്ഷാപേപ്പർ ,പ്രോഗ്രസ്സ് കാർഡ് എന്നിവ പരിശോധിച്ച് ഒപ്പിട്ട് യഥാസമയം കൊടുത്തയക്കണം വിവിധയിനത്തിലുള്ള സ്കൂൾ ഫീസും കൃത്യസമയത്ത് അടയ്ക്കണം

6.ക്ലാസ്സുകൾ നഷ്ടപ്പെടുത്തി, വീട്ടാവശ്യങ്ങൾക്കും ആഘോഷങ്ങള്ക്കും കുട്ടികളെ വിടുന്നത് കഴിയുന്നത്ര ഒഴിവാക്കണം

7.കുട്ടികളെ വൃത്തിയായും ഭംഗിയായും സ്കൂളിലേക്കയക്കുന്നതിന് രക്ഷാകര്ത്താക്കൾ പ്രത്യേകം ശ്രദ്ധിക്കണം

8.വിദ്യാലയ പ്രവര്ത്തനങ്ങള് മെച്ചപ്പെടുത്തുന്നതിനുള്ള നിര്ദ്ദേശങ്ങളും ഏതെങ്കിലും വിധത്തിലുള്ള പരാതികള് ഉണ്ടെങ്കില് അവയും സ്കൂള് അധികൃതരെ അറിയിക്കുന്നത് സ്വാഗതാര്ഹമാണ്

## പഠന രീതി

1. പഠനം സ്വയം ചെയ്യേണ്ട കര്മ്മമാണ് മറ്റു പല ജോലികളും നമുക്കുവേണ്ടി മറ്റാരെങ്കിലും ചെയ്താല് മതി നമുക്കുവേണ്ടി പഠിച്ചാല് നാം അറിവു നേടുമോ ഈ സത്യം? ഈ സത്യം പഠനം തുടങ്ങും മുന്പേ നന്നായി ഗ്രഹിക്കണം

2. ബലവത്തായ അടിത്തറയില് ഘട്ടം ഘട്ടമായി പണിതുയര്ത്തുന്ന മണിമന്ദിരം പോലെയാണ് പഠനവും കൊച്ചു ക്ലാസ്സു മുതല് നന്നായി പഠിച്ചെങ്കിലെ ഉയര്ന്ന ക്ലാസ്സുകളില് പഠിപ്പിക്കുന്നത് ഗ്രഹിക്കുവാനും ഉയര്ന്ന മാര്ക്ക് വാങ്ങാനും ഉയരങ്ങളില് എത്തുവാനും കഴിയൂ

3. ക്ലാസ്സു ദിവസങ്ങളില് മുടങ്ങാതെ കൃത്യ സമയത്ത് സ്കൂളില് എത്തുന്നത് ശീലമാക്കുക ക്ലാസ്സുകള് ശ്രദ്ധാപൂര്വ്വം കണ്ടും കേട്ടും ഗ്രഹിക്കുക ക്ലാസ്സില് വച്ച് എഴുതേണ്ടതെല്ലാം കൃത്യമായി എഴുതുക

4. പഠിക്കേണ്ട പാഠഭാഗങ്ങള് ഗ്രഹിച്ചശേഷം മാത്രം പഠനം ആരംഭിക്കുക എളുപ്പത്തില് പഠിക്കുന്നതിനും വേഗത്തില് പഠിക്കുന്നതിനും ഓര്മ്മയില് നിലനിര്ത്തുന്നതിനും ഇത് സഹായകമാകും

5. എല്ലാ വിഷയങ്ങളുടെയും ചോദ്യോത്തരങ്ങള് ഉള്ക്കൊള്ളുന്ന നോട്ടുകള് തയ്യാറാക്കുക അതുതന്നെ പഠിക്കുകയും ചെയ്യുക

6. ഓരോ ദിവസത്തെയും പാഠഭാഗങ്ങള് പിറ്റേന്ന് സ്കൂളില് പോകും മുന്പ് പഠിക്കും എന്ന് വാശിപ്പിടിക്കുക തുടര്ന്നുള്ള ക്ലാസ്സുകള് ഗ്രഹിക്കുന്നതിനും പഠനം പുരോഗമിക്കുന്നതിനും ഈ വാശി കൂടിയെ കഴിയൂ

7. ഒരാഴ്ച പഠിച്ച പാഠഭാഗങ്ങള് ശനി, ഞായര് ദിവസങ്ങളില് ആവര്ത്തനം നടത്തണം

8. പരീക്ഷയില് കോപ്പിയടി പാടില്ല വിദ്യാര്ത്ഥികളുടം നല്ല ഭാവിയെ തകര്ക്കുന്ന വലിയ അപകടമാണ് കോപ്പിയടി

9. "താന് പാതി, ദൈവം പാതി" പ്രാര്ത്ഥിച്ചശേഷം മാത്രം പഠനം ആരംഭിക്കുക

10. "മാതാ പിതാ ഗുരു ദൈവം" ഗുരുക്കന്മാരെ സ്നേഹിക്കുക ബഹുമാനിക്കുക സ്നേഹാദരങ്ങളോടെ വിനയത്തോടെ ഗുരുവിനെ സമീപിക്കാത്തവന് അനുഗ്രഹം ലഭിക്കുകയില്ല ഗുരുവിന്റെ വിജ്ഞാനം ശരീയായ അളവില് കിട്ടുകയുമില്ല ജീവിതത്താല് നിഷ്ഠകളും ചിട്ടകളും കൂടിയേ കഴിയൂ

**പാഠ്യാനുബന്ധ പ്രവര്ത്തനങ്ങൾ**

1. **സ്കൂള് ലൈബ്രറി**

കുട്ടികളില് വായനാശീലം വളര്ത്തുന്നതിനും സാഹിത്യാസ്വാദനത്തിനും ലൈബ്രറി സഹായിക്കുന്നു ലൈബ്രറി പുസ്തകങ്ങള് കേടുവരാതെ കൈകാര്യം ചെയ്യുന്നതിന് എല്ലാവരും ശ്രദ്ധിക്കണം

2. **സ്കൂള് പാരലമെന്റ്**

പാഠാനുബന്ധപ്രവര്ത്തനങ്ങള് മെച്ചപ്പെട്ട രീതിയില് സംഘടിപ്പിക്കുന്നതിന് അദ്ധ്യാപകരെ സഹായിക്കുന്നതിനും വിദ്യാര്ത്ഥികള്ക്കിടയില് സാഹോദര്യവും സഹകരണബോധവും വളര്ത്തുന്നതിനും കുട്ടികള്ക്ക് ജനാധിപത്യ ക്രമത്തില് വേണ്ട പ്രായോഗിക പരിശീലനം നല്കുന്നതിനും ഇത് സഹായിക്കുന്നു

3. **ലിറ്ററി & ആര്ട്ട്സ് ക്ലബ്ബ്**

കുട്ടികളില് അന്തർലിനീയമായിരിക്കുന്ന കലാ സാഹിത്യാ വാസനകളെ പരിപോഷിപ്പിക്കാൻ വെള്ളിയാഴ്ചത്തെ അവസാനത്തെ പീരീഡ് സാഹിത്യ സമാജത്തിന് നീക്കീവെച്ചിരിക്കുന്നു ക്ലാസ്സ് ടീച്ചറിൻറെ സാന്നിദ്ധത്തിൽ ക്ലാസ്സ് സെക്രട്ടറിമാർ യോഗങ്ങൾക്ക് നേതൃത്വം നൽകുന്നു

4. **സയൻസ് & മാത്തമാറ്റിക്സ് ക്ലബ്ബ്**

കുട്ടികളില് ശാസ്ത്ര കൗതുകം വളർത്തുന്നതിനും, നിരീക്ഷണത്തിലൂടെ പഠിക്കുന്നതിനും സ്വയം പരീക്ഷണങ്ങൾ ചെയ്യുന്നതിനും സയൻസ് ക്ലബ്ബ് സഹായിക്കുന്നു, ക്വിസ്മൽസരങ്ങൾ, ശാസ്ത്ര പ്രദർശനങ്ങൾ തുടങ്ങിയവ സയൻസ് ക്ലബ്ബിൻറെ

ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു ഗണിതശാസ്ത്രത്തിൽ താൽപര്യം വളർത്തുവാൻ മാത്തമാറ്റിക്സ് ക്ലബ്ബ് സഹായിക്കുന്നു

5. **സോഷ്യൽ സയൻസ് ക്ലബ്ബ്**

വിദ്യാർത്ഥികളിൽ ദേശസ്നേഹം, മാനവികത, സാമൂഹ്യാവബോധം എന്നിവ വളർത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു

6. **ഐ.റ്റി. കോർണർ.**

വിദ്ധ്യാർത്ഥികളെ പുതിയ സാന്കേതിക വിദ്യയുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ടി ഐ.റ്റി. കോർണർ ക്രീയാത്മകമായി പ്രവർത്ഥിക്കുന്നു.ഐ. റ്റി. കോർണറിന്റെ പ്രവർത്തനഫലമായി സംസ്ഥാനതലം വരെയുള്ള മത്സരങ്ങളിൽ വിദ്ധ്യിർത്ഥികൾ പങ്കെടുക്കുന്നു.

7. **എൻ.സി.സി.**

ആദർശധീരരും അച്ചടക്ക നിഷ്ഠയുള്ള പൗരന്മാരുമായി വളർന്നുവരുവാൻ ഹൈസ്കൂൾ, ഹയർസെക്കണ്ടറി,സ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു

8. **കെ.സി.എസ്.എൽ**

ലോകത്തിനായി സ്വയം ആത്മബലിയായ യേശുവിൻറെ വ്യക്തിത്വത്തിൻറെ പക്വതയിലേക്ക് വളരുവാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന സംഘടനയാണ് കെ.സി.എസ്.എൽ വിശ്വാസം, പഠനം, സേവനം, എന്നതാണ് ഈ സംഘടനയുടെ മുദ്രാവാക്യം

9. **വിൻസെൻറ് ഡി പോൾ സൊസൈറ്റി**

ജീവകാരണ്യ പ്രവർത്തനങ്ങൾക്കുള്ള പരിശീലന വേദിയായി വിൻസെൻറ് ഡി പോൾ സൊസൈറ്റി പ്രവർത്തിക്കുന്നു സഹായമനസ്ഥിതിയും സഹാനുഭൂതിയും കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും നിർദ്ധനരെ സഹായിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനായി എല്ലാ ക്ളാസ്സുകളിലും ബുധനാഴ്ചകളിൽ രഹസ്യപ്പിരിവ് നടത്തുന്നു.

10. **ചാവറ മീഡിയ ഇൻററർഫേസ് - ക്ളാസ്സ് റൂം റേഡിയോ**

റേഡിയോ

11. **ചാവറ മീഡിയ ഇൻററർഫേസ് - ടീച്ചേഴ്സ് ട്രോവ്**

ടീച്ചേഴ്സ്

12. **സ്കൗട്ട് ആൻഡ് ഗയിഡ്സ്.**

13. **ജൂണിയർ റെഡ് ക്രോസ്സ്.**

14. **ഫിലിം ക്ളബ്.**

15. **ബാൻഡ് ട്രൂപ്പ്.**

| | ഹൈസ്കൂൾ അദ്ധ്യാപകർ | |
|---|---|---|
| ക്രമനമ്പർ | പേര് | വിഭാഗം |
| 1 | പയസ് തോമസ് മാത്യു | രസതന്ത്രം |
| 2 | സ്വപ്നാമോൾ ജോസഫ് | രസതന്ത്രം |
| 3 | സജിതാമോൾ തോമസ്സ് | ഊർജതന്ത്രം |
| 4 | മനോജ് വർഗീസ് | ഗണിതശാസ്ത്രം |
| 5 | കൊച്ചുറാണി ജോസഫ് | ഗണിതശാസ്ത്രം |
| 6 | ജസ്സമ്മ കുര്യൻ | ഗണിതശാസ്ത്രം |
| 7 | മെയ്മോൾ ജോസഫ് | ഗണിതശാസ്ത്രം |
| 8 | മന്ജു ജോസഫ് | ജീവശാസ്ത്രം |
| 9 | ആൻറോ ആൻറണി | ജീവശാസ്ത്രം |
| 10 | പൌലോസ് ടി. എം. | സാമൂഹ്യശാസ്ത്രം |
| 11 | റ്റോമി ഏബ്രഹാം | സാമൂഹ്യശാസ്ത്രം |
| 12 | പ്രിൻസി തോമസ് | സാമൂഹ്യശാസ്ത്രം |
| 13 | ഷാജി തോമസ് | സാമൂഹ്യശാസ്ത്രം |
| 14 | സനൽ ജോസഫ് | ഇംഗ്ളീഷ് |
| 15 | ജിബി എം. ജെ. | ഇംഗ്ളീഷ് |
| 16 | ജിൻസ് ജോസഫ് | ഇംഗ്ളീഷ് |
| 17 | റോസമ്മ ജോസഫ് | മലയാളം |
| 18 | സി. മോനിക്കാമ്മ സിഎംസി | മലയാളം |
| 19 | അല്ലി ടീസാ ജോർജ് | മലയാളം |
| 20 | വിജിമോൾ സേവ്യർ | മലയാളം |
| 21 | ടോം സി. ദേവസ്യ | ഹിന്ദി |
| 22 | ജിന ടി. വേലങ്കളം | ഹിന്ദി |
| 23 | ജേക്കബ് മാത്യു | ഡ്രിൽ |
| 24 | റ്റോണി അഗസ്തി | ഡ്രോയിംഗ് |

## പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ

- മാർ ജയിംസ് കാളാശ്ശേരി മെത്രാൻ.
- കവി അയ്യപ്പപ്പണിക്കർ
- കാർട്ടൂണിസ്റ്റ് ടോംസ്
- കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ, 2006 ലെ പദ്മഭൂഷൺ അവാർഡ് ജേതാവ് -*ഡോ. എം. വി. പൈലി.
- മുൻ മന്ത്രി - കെ. എം. കോര.
- മുൻ നിയമസഭാ സാമാജികൻ-ഡോ. കെ. സി ജോസഫ്.
- ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ - റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സി. എം. ഐ.

- ചലച്ചിത്ര ഗാന രചയിതാവ് - ബിയാർ പ്രസാദ്
- ഇൻറീരിയർ ഡിസൈനർ - ജോമോൻ പനങ്ങാട്.
- പുളിംകുന്ന് ആൻറണി.

തുടങ്ങി പ്രശസ്തരായ പല പൂർവവിദ്ധ്യാർത്ഥികളും സെൻറ് ജോസഫിനുണ്ട്.





# ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യഭ്യാസത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് സ്കൂളിലും ഹൈടെക് വിദ്യാലയങ്ങളിലെ ഐ.ടി കുട്ടികളുടെ കൂട്ടായമയായ 'ലിറ്റിൽ കൈറ്റ്സ്' പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ബുധനാഴ്ച്ചകളിലും ലിറ്റൽ കൈറ്റ്സ് ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്നു, ഇതോടൊപ്പം അവധിക്കാലത്ത് പ്രത്യേക പരിശീലനവും ക്യാമ്പുകളും നടത്തുന്നു. ഇതുവഴി കുട്ടികളുടെ ഐ.റ്റി യോടുള്ള താത്പര്യം വർദ്ധിക്കുകയും മാനസികമായ വളർച്ച കൈവരിക്കുകയും ചെയ്യുന്നു. പരിശീലനം സിദ്ധിച്ച ബഹു. ടോണി സാറും, കൊച്ചുറാണി ടീച്ചറുമാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത്. ആനിമേഷൻ, ഇലക്ട്രോണിക്സ്, റോബോടിക്സ്, ഹാർഡ് വെയർ, സോഫ്റ്റ് വെയർ, സ്ക്രാച്ച്, മൊബൈൽ ആപ് നിർമ്മാണം, പൈത്തൺ & ഗ്രാഫിക്സ് തുടങ്ങിയവ...... പരിശീലിപ്പിക്കപ്പെടുന്നു.

# Activities of Kites









# DEFINITION OF LIFE

*ENGLISH:*

*Life is not the Tempest*
*Nor a mid summer night dream*
*It as you like it*
*So be sure not to have*
*Much ado about nothing*

*HISTORY:*

*Life is an uncertain voyage*
*A battle in which*
*The victorious is crowned and*
*The vanquished is punished*

*MATHEMATICS:*

*Life is an addition of fun*
*Subtraction of sorrow*
*Multiplication of sorrow*
*Division of joy*

*CHEMISTRY:*

*Life is a wonderful chemical reaction*
*Which alters its rate*
*According to the catalyst of circumstances*

*PHYSICS:*

*Life is a simple pendulum*
*Oscillating between joy and sorrow*
*Hope and despair,success and failure*
*And birth and death*

**JEEVAN THOMAS 9 C**

# *Incredible India – A way through her history*

**The India,the incredible India is not merely a nation more over it is the unity of crores of people living here . As per the census of 2011 there are 120 crores of people living in India and ranks seventh amonng the largest countries one in six person of the world is an Indian.**

**India become indepentent on 15,th August 1947 Indepentent India had to face several challanges .Division of the nation and the subsequent flour of refugeas were the major challenges .Indepentant India grew under the leadership of Jawaharlal Nehru. India become republic on 26th January 1950. and the first general election was held in the period 1951-52.**

**India follows a mixed economic system comprising the features of Socialism and Capitalism. Heavy Irrigation projects planned by the early social leaders contributed to India's economic advancement. Independent India tried to develop an indegeneous education policy by appointing different level to study our education system and to make recomendation.**

**Independent India has also grown in the field of science and technology. Several research institutions and five Indian institutions of technology were established in different parts of India. India gained rapid progress in medical science, health, bio technology, ocean research, information technology, space research etc ..... All these development to overall development of India.**

***Nirmal K. R. XA***

# INSPIRATIONAL QUOTES BY A. P. J. ABDUL KALAM

*"Excellence is a continous process & not an accident"*

*"You have to dream before your dreams can true"*

*"If you want to shine like a sun, first burn like a sun"*

*"Without your involvement you can't succeed. With your involvement you can't fail"*

*"Learning gives creativity,*
*creativity leads to thinking,*
*thinking provides you knowledge,*
*knowledge makes you great."*



*St. Joseph's H. S. S. Pulincunnoo*

## നവംബർ ഒന്ന് കേരളപ്പിറവിദിനം

1956 നവംബർ ഒന്നിന് തിരുവതാംകൂർ,കൊച്ചി,മലബാർ എന്നീ നാട്ടുരാജ്യങ്ങൾ ഒന്നു ചേർന്ന് കേരളം എന്ന സംസ്ഥാനം രൂപംകൊണ്ടു.എന്നതിനാലാണ് ഈ ദിവസം കേരളപ്പിറവി എന്ന് ആഘോഷിക്കുന്നത്.


ചരിത്രം നമുക്കൊരു പാഠമാക്കേണ്ടതുണ്ട്.അനൈക്യവും പരസ്പര ശത്രുതയും മൂലം നാട്ടുരാജാക്കന്മാർ വിദേശികളുടെ സഹായം തേടിയതിനാലാണ് നാം അവരുടെ അടിമകളായത്. അടിമത്തം നമുക്ക് മൃഗതുല്യമായ ജീവിതമാണ് സമ്മാനിച്ചത്. 1947 ൽ സ്വാതന്ത്ര്യം നേടിയതിനുശേഷം അടുത്ത 9 വർഷം കൂടി ഐക്യകേരളം എന്ന സ്വപ്നം സാക്ഷാത്കൃതമായില്ല. മലബാർ അന്ന് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി തുടർന്നു. തിരുവിതാംകൂർ കൊച്ചിയും ചേർന്ന് തിരുക്കൊച്ചി സംസ്ഥാനം ഒരു സ്വാതന്ത്ര സംസ്ഥാനമായി തുടർന്നു. സർദാർ,വല്ലഭായ് പട്ടേലിന്റെ നേതൃത്വത്തിൽ തിരുക്കൊച്ചി ഉൾപ്പെടെയുള്ള നാട്ടുരാജ്യങ്ങളുടെ ഏകീകരണം ഒരു മഹാപ്രസ്ഥാനമായി മാറി. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം നടക്കുകയും അങ്ങനെ 1956 നവംബർ 1 ന് നാം ഇന്ന് കേരളമെന്ന് അഭിമാനപൂർവ്വം വിളിക്കുന്ന നമ്മുടെ സംസ്ഥാനം രൂപംകൊണ്ട്. കേരളരൂപീകരണത്തിനു വളരെ മുൻപു തന്നെ മലയാളത്തിന്റെ പ്രിയകവി വള്ളത്തോൾ പാടി.

"ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോതിളക്കണം
ചോര നമ്മുക്കു ഞരമ്പുകളിൽ"

കവിയുടെ ഉദ്ബോധനം മനസ്സാവരിച്ച ഒരു തലമുറ പിന്നീട് കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അശ്രാന്തപരിശ്രമം തന്നെ നടത്തി. വിദ്യാഭ്യാസമാണ് ഒരു നാടിന്റെ വളർച്ചയ്ക്ക് നെടുംതൂണാകുന്നത്. ഇന്ത്യയിൽ ഏറ്റവും അധികം സാക്ഷരതയുള്ള സംസ്ഥാനമാണ്  കേരളം. ഉന്നത വിദ്യാഭ്യാസരംഗത്തും മുന്നിൽ തന്നെയാണ്. ഈ മേന്മയാണ് നമ്മെ വിദേശരാജ്യങ്ങളിൽ ചെന്നെത്താൻ സഹായിച്ചത്. എന്നിരുന്നാലും അനുദിനം നാം കേരളീയതയിൽ നിന്ന് അകലുകയാണ്. നമ്മുടെ മലയാളിത്തം നശിക്കുന്നു.കൃഷിയിൽ നിന്നും മറ്റു പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നും അകലുന്നു. ഇതോടെ നമ്മുടെ ജീവിതരീതി തന്നെ മാറുകയുണ്ടായി. ഈ ആപത്ത് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തം നാടെന്ന് പാടിപുകഴ്ത്തുമ്പോഴും മതാമാത്സര്യവും, അലസതയും, അന്ധവിശ്വാസവും ബാധിച്ച ഒരു ജനതയാണ് നമ്മുടെ മുന്നിലുള്ളത്. കേരളം ഭ്രാന്താലയമെന്ന് പണ്ട് വിവേകാനന്ദൻ പറഞ്ഞത് വാസ്തവമാണ് എന്ന് നമ്മുക്കും തോന്നും. ഈ അവസ്ഥ മാറണം അതിനായി പരിശ്രമിക്കണം എന്ന് ആഹ്വാനം ചെയ്യുന്നു.

**ആകാശ്.കെ.ഷിബു 8 A**

# ശ്രീനാരായണ ഗുരുദേവൻ



അധസ്ഥിധ വർഗ്ഗ നവോത്ഥാനത്തിനുവേണ്ടി അശ്രാന്ത പരിശ്രമം നടത്തിയ സ്നേഹം, സാഹോദര്യം,അഹിംസ എന്നീ സനാധന ധർമ്മങ്ങളുടെ സങ്കമമാണ് ശ്രീനാരാണ ഗുരുദേവൻ. മനുഷ്യരെല്ലാം ഒരു ജാതി എന്നതായിരുന്നു ശ്രീനാരായണ ഗുരുദർശനത്തിന്റെ അന്തസത്ത തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി എന്ന ഗ്രാമത്തിൽ വയൽവാരം വീട്ടിൽ കുട്ടിയമ്മയുടെയും മാടനാശാന്റെയും മകനായി 1855 ചിങ്ങമാസം ചതയം നക്ഷത്രത്തിൽ ഗുരു ജനിച്ചു.ഗുരുകുല വിദ്യാഭ്യാസ സംപ്രധായമായിരുന്നു അദ്ദേഹത്തിന്റേത്. അച്ഛനമ്മമാരുടെ മരണ+ശേഷം ലൗഗീക ജീവിതത്തിന്റെ കണ്ണികൾ അദ്ദേഹത്തിൽ നിന്നും അന്യമായി. ആത്മജ്ഞാനത്തിന്റെ നിറകുടമായ ഗുരുദേവൻ ഒരു അവധൂതനെ പോലെ സഞ്ചരിച്ചു.

മലകളിലും,കടൽത്തീരത്തും പോയിരുന്നു.ധ്യാനം ചെയ്യുക പതിവായിരുന്നു.ഇതിനിടെ തന്റെ സഹപാഠിയായ കൃഷ്ണൻ വൈദ്യരുടെ വീട്ടിൽ വച്ച് കുഞ്ഞൻ പിള്ളയുമായി സൗഹൃദത്തിൽ ഏർപ്പെട്ടു.അദ്ദേഹമാണ് ഗുരുവിന്റെ ആത്മമിത്രമായി മാറിയ ചട്ടമ്പിസ്വാമികൾ. ചട്ടമ്പിസ്വാമിഗുരുവിനെ തൈകാട്ടയ്യ എന്ന യോഗയുമായി പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ കീഴിൽ ഗുരു ഹഠയോഗം മുതലായ വിദ്യകൾ അഭ്യസിച്ചു. ചരിത്രപ്രസിദ്ധമായ അരുവിപ്പുറം ക്ഷേത്ര പ്രതിഷ്ഠയോടെ ഗുരുവിന്റെ ആത്മീയദർശനമെന്തെന്ന് ലോകം അറിഞ്ഞു. ക്ഷേത്രപ്രതിഷ്ഠനടത്തുവാൻ ബ്രാമണാധികാരത്തിനെതിരെയുള്ള ഒരു പോരാട്ടമായിരുന്നു അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ. അരുവിഴിൽ നിന്നു മുങ്ങിയെടുത്ത കല്ലിൽപോലും ഈശ്വര ചൈതന്യം കണ്ടെത്തിയ ഗുരു നടത്തിയ പ്രതിഷ്ഠയിൽ പ്രകോപിതരായ സവർണ്ണ മേദാവിത്വത്തിന്റെ ജാതി കോമരങ്ങളോട് വളരെ സൗമ്യമായ ഭാഷയിലാണ് ഗുരു പ്രതികരിച്ചത്:''നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാ'' അതിമഹത്തരമായ ആ കർമ്മങ്ങൾക്ക് മുമ്പിൽ ജാതിയുടെയും അനാചാരത്തിന്റെയും മതിൽകെട്ട് ഇവിടെ പാടെ തകർന്ന് വീണപ്പോൾ കേരലത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെ ശംഖൊലി മുഴങ്ങിയിരുന്നു

“ജാതി ഭേദം മതദ്വേശം
ഏതുമില്ലാതെ സർവരും
സ്വേതരത്വവന വാഴുന്ന
മാതൃകാസ്ഥാനമാണിത്"

എന്നു പറയുവാൻ ആ കാലത്ത് ഗുരുവിനല്ലാതെ മറ്റാർക്ക് കഴിയും.

Akash.K.Shibu 8 A

## ഒരു പ്രളയ കഥ



ജലനിരപ്പ് വൻതോതിൽ ഉയരുമെന്നും അണക്കെട്ടുകൾ തുറന്നു വിടുമെന്നുമുള്ള ടെലിവിഷൻ വാർത്ത കണ്ടാണ് സുഭദ്രയും ഉണ്ണിനമ്പൂതിരിയും ഉറങ്ങാൻ കിടന്നത്. ഉറക്കത്തിന്റെ ആഴങ്ങഴളിലെപ്പോഴോ ഭയങ്കരമായ ശബ്ദം കേട്ട് ഉണ്ണിനമ്പൂതിരി ഉണർന്നു, തലയണയ്ക്കിടയിൽ വച്ചിരുന്ന ടോർച്ചെടുത്ത് തെളിയിച്ച് സമയം നോക്കിയപ്പോൾ 2:40. കട്ടിലിൽ നിന്ന് കാൽ താഴേക്കിട്ടപ്പോൾ കാലുകൾ നനയുന്നു. ടോർച്ച് തെളിയിച്ച് തറയിൽ നിറഞ്ഞ വെള്ളത്തിലൂടെ നീന്തി ലൈറ്റിടാൻ ശ്രമിച്ചപ്പോൾ കറന്റില്ലാ. താഴെ പാത്രങ്ങളും മറ്റു സാധനങ്ങളും ഒഴുകിനടക്കുന്നു. ഒരു അമ്പരപ്പോടെ നിൽക്കുമ്പോൾ പുറത്തുനിന്നാരോ വിളിക്കുന്നു "തിരുമേനി വേഗം വന്ന് തോണിയിൽകറ്". ഇതു കേട്ടുകൊണ്ട് തെല്ലോരമ്പരപ്പോടെ സുഭദ്രയും എഴുന്നേറ്റ് തിരുമേനിയുടെ പിറകിൽ നിന്നു.

"എന്താ പാച്ചു എന്താ കാര്യം"



"തിരുമേനി നാട്ടു മുഴുവൻ വെള്ളത്താൽ മുങ്ങിയിരിക്കുകയാണ് വേഗം രക്ഷപെടണം, രണ്ടുപേരും വേഗം തോണിയിലേക്കു കയറ്" പാച്ചു പറഞ്ഞു തീരുന്നതിനു മുൻപേ കാറ്റടിച്ച് തോണിയൊന്നുലഞ്ഞു. തോണിയിലിരുന്ന കോരനും ജാനുവും കുഞ്ഞുങ്ങളും ഉച്ചത്തിൽ നിലവിളിച്ചു. ഭയന്നു വിറച്ചു നിൽക്കുന്ന സുഭദ്രയെ ഉണ്ണിനമ്പൂതിരി തിരിഞ്ഞൊന്നു നോക്കി ഉന്നിട്ടു പറഞ്ഞു, "ഇല്യ ഞങ്ങൾ വരണില്യാ, നിങ്ങൾ പൊയ്ക്കോൾകാ, ഈ കീഴാളന്മാരുടെ കൂടെ ഞങ്ങളിരിക്കാനോ ..................അതുണ്ടാവില്യാ നിങ്ങൾ പൊയ്ക്കോളൂ". ഇതു കേട്ട പാച്ചു വിഷമത്തോടെ തോണിയിലേക്ക് കയറി. തോണി അകലേക്ക് പോകുന്നതുനോക്കി രണ്ടുപേരും നിന്നു. വെള്ളം ഓരോ അടി വീതം

കൂട്ടുകയാണ്. എല്ലാവരും ഓരോ അഭയകേന്ദ്രങ്ങളിലേയ്ക്ക് രക്ഷപ്പെടുന്നു. "സുഭദ്രേ ഇത്തിരി വെള്ളം തര്യാ" നമ്പൂതിരി ആവശ്യപ്പെട്ടു. ഇപ്പോ തരാമെന്നു പറഞ്ഞു. അടുക്കളയിലേക്ക് പതുക്കെ നടന്നു നീങ്ങിയ സുഭദ്രയുടെ നെഞ്ചിലേക്ക് ഒരു അകവാളുവെട്ടി. സാധനങ്ങളെല്ലാം വെള്ളത്തിൽ ഒലിച്ചുനടക്കുന്നു. കുടിവെള്ളമിരുന്നപാത്രം പുറത്ത് വാഴച്ചുവട്ടിൽ കിടക്കുന്നു.



" ഇനി എന്താ ചെയ്യ നാട്ടിൽ ആരും ഇല്ലല്ലോ എല്ലാ ആൾക്കാരും രക്ഷപ്പെട്ടിരിക്കുന്നു. ഫോണിലെ ചാർജ് തീർന്നതിനാൽ വിനുക്കുട്ടൻ വിളിച്ചാൽ പോലും കിട്ടില്ലാല്ലോ..... എന്ന് സുഭദ്ര മനസ്സിലോർത്ത് ഒരു ദീർഘനിശ്വാസം വിട്ടു. വെള്ളത്തിൽ ഒഴുകി നടന്ന ഒരു പ്ലാസ്റ്റിക് കസേരയെടുത്ത് കട്ടിലിന്റെ മുകളിലേയ്ക്കിട്ട് സുഭദ്രയോട് അവിടെയിരിക്കുവാൻ ആവശ്യപ്പെട്ടു. വിശപ്പും ദാഹവും മരണഭീതിയുമായി തണുത്തു വിറച്ചിരിക്കുമ്പോഴാണ് വീണ്ടുമൊരു വിളി " ആരെങ്കിലുമുണ്ടോ ഇവിടെയെങ്ങാനും ഉണ്ടെങ്കിൽ വന്ന് വള്ളത്തിൽ കയറൂ" ഒച്ചകേട്ട ദിക്കിലേയ്ക്ക് ജനലിലൂടെ നോക്കിയപ്പോൾ രണ്ടുമൂന്നു അപരിചിതരും പിന്നെ അടുത്തുള്ള കുറച്ച് കൂഴാളന്മാരും "ഇല്ല മരിച്ചാലും ഞങ്ങൾ ഇവരോടൊപ്പം ഒന്നിച്ച് ഈ തോണിയിൽ കയറില്ല" എന്ന് മനസ്സിൽ ഒരു വട്ടം കൂടി ഉറപ്പിച്ചു. പെട്ടെന്ന് വീടിന്റെ മേൽക്കൂര ഒരു ഭാഗം അടർന്ന് സുഭദ്രയുടെ അടുത്തേക്ക് വീണു. പേടിച്ച സുഭദ്ര നമ്പൂതിരിയോട് പറഞ്ഞു. " പോകാം നമ്മുക്ക് ഇവരോടൊപ്പം" ഒരു നിമിഷം ശങ്കിച്ച നമ്പൂതിരി സുഭദ്രയെ ദയനീയമായി നോക്കി. അപ്പോൾ അവർ വള്ളം കട്ടിലിനരുകിലേക്ക് ഒതുക്കിയിട്ടു. വള്ളത്തിലിരുന്ന അപരിചിതനായ പൈയ്യന്റെ നീട്ടിപ്പിടിച്ച കൈകളിൽ ദൈവത്തെയെന്നപോലെ സുഭദ്ര പിടിച്ച് വള്ളത്തിന്റെ ഒരു വക്കിലിരുന്നു. മറ്റേ വക്കിൽ നമ്പൂതിരിയും കലിതുള്ളിപ്പായുന്ന വെള്ളവും തകർന്നുകിടക്കുന്ന വീടുകളും ശ്വാസം കിട്ടാതെ മുങ്ങിച്ചത്ത മൃഗങ്ങളും രക്ഷയ്ക്കായി വിളിച്ചു കേഴുന്ന മനുഷ്യരേയും ഒക്കെ കണ്ട് നമ്പൂതിരിയുടെ മനസ്സ് വിറങ്ങലിച്ച് സുഭദ്രയെ നോക്കിയപ്പോൾ കറുത്ത് മെലിഞ്ഞ മൂക്കള ഒലിപ്പിച്ച ഒരു കുട്ടിയെ മടിയിൽവെച്ച് കൊഞ്ചിക്കുന്ന കാഴ്ച്ചയാണ് കണ്ടത്.

"എല്ലാവരും സൂക്ഷിച്ച് ഇറങ്ങൂ" എന്ന് ഒരു സ്ത്രീ റോഡിൽ നിന്ന് പറയുന്നത് കേട്ടപ്പോഴാണ് സ്ഥലമെത്തിയവിവരം അറിയുന്നത്. നനഞ്ഞു വിറയ്ക്കുന്ന സുഭദ്രയുടെ കൈപിടിച്ച് ക്യാമ്പിലേക്ക് നടന്നപ്പോൾ വാതിൽക്കൽ നിന്നയാൾ ആരൊക്കെയോ ധരിച്ച പഴയ തുണികളും ഒരു പായും വിരിപ്പും കൈയ്യിൽ കൊടുത്തു. സമയം ഏതാണ്ട് രാത്രി എട്ടു മണിയാകുന്നു. സുഭദ്രയും നമ്പൂതിരിയും ആരോ കൊടുത്ത വസ്ത്രം ധരിച്ച് തണുപ്പകറ്റി, ക്യാമ്പുകളിൽ കറുത്തവനെന്നോ, വെളുത്തവനെന്നോ, സമ്പന്നനെന്നോ, ദരിദ്രനെന്നോ ഇല്ലാതെ ഒരു പാത്രത്തിലുണ്ട് ഒരു പായിൽ കിടന്ന് പരസ്പരം സൗഹൃദം പങ്കിട്ട് കിടന്നപ്പോൾ നമ്പൂതിരിയുടെയും മനസ്സിൽ ജാതിയുടേതായ അനാചാരത്തിന്റേതായ എല്ലാ മതിലുകളും പാടെ തകർന്നു വീഴുകയായിരുന്നു.




ആകാശ്.കെ. ഷിബു

std: 8 A

# പൂപ്പാടം

പാടത്ത് വിത്തെറിഞ്ഞേ
പാടം പച്ചപണിഞ്ഞേ
പാടത്ത് പോകാനായി
പെണ്ണുങ്ങൾ ഓടിവന്നേ

ഞാറ്റുവേലിൽ,
ഞാറ് പൂക്കുമ്പോൾ
പൂമ്പാറ്റ പാറിവന്നേ
പൂത്തുമ്പി പാറിവന്നേ

പൂമണിച്ചെണ്ടുപോലേ
പൂമുട്ട് വിരിയുമ്പോൾ
പൂന്തേൻ നുകരാനായി
പൂവണ്ട് പാറിവന്നേ



shutterstock.com • 428931334

# വ്യക്തിത്വവികസനം

ഒരു മനുഷ്യൻ തുല്യനായി മറ്റൊരു മനുഷ്യനുമില്ല. ഇത് മനുഷ്യന്റെ ഏറ്റവും വലിയ സവിശേഷതയാണ്. ഇതാണ് വ്യക്തിത്വവികസനത്തിന്റെ അടിസ്ഥാനം.കുട്ടികൾ വെറും കളിമണ്ണെന്നു കരുതുക.ആ മണ്ണിനെ എങ്ങനെ വേണമെങ്കിലും കുഴച്ച് ഉരുട്ടി രൂപപ്പെടുത്താം..ഒരിക്കൽ അതിന് രൂപം കിട്ടിയാൽ പിന്നീട് അത് മാറ്റാൻ പാടാണ്. അതിനാൽ കുട്ടികളായിരിക്കുമ്പോൾ തന്നെ അവർക്ക് നല്ല ശീലങ്ങൾ പകർന്നു നൽകേണ്ടത് അത്യാവശ്യമാണ്. "ചൊട്ടയിലെ ശീലം ചുടലെവരെ" നമ്മെ പിന്തുടരുന്നു.

വ്യക്തിത്വവികസന പ്രക്രിയയിൽ രണ്ടു ഘടകങ്ങളാണ് സുപ്രധാനം ഒന്ന് :പാരമ്പര്യം,രണ്ട്:പരിശീലനം.ഏഴാം തലമുറയിൽ നിന്നുവരെയുള്ള ഗുണസവിശേഷതകൾ കുഞ്ഞിനു ലഭിക്കാം.അറിവ്, പെരുമാറ്റരീതി,സാമൂഹിക പ്രതിബദ്ധത,മൂല്യബോധം തുടങ്ങിയവയെല്ലാം പരിശീലനത്തിലൂടെ ലഭിക്കുന്ന ഗുണ സവിശേഷതകളാണ്.മാതാപിതാക്കൾ, അധ്യാപകർ,പുരോഹിതർ,സുഹൃത്തുക്കൾ,ഇടപെടുന്ന മറ്റുവ്യക്തികൾ ആസ്വദിക്കുന്ന കലാരൂപങ്ങൾ,ജീവിതാനുഭവങ്ങൾ മുതലായവയും ഒരുവന്റെ വ്യക്തിത്വ വളർച്ചയിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്.

നാം ഇന്ന് കുട്ടികൾക്ക് നല്ല കാര്യങ്ങളേക്കാൾ ചീത്തകാര്യങ്ങളാണ് കൂടുതൽ പഠിപ്പിക്കുന്നത്. "നീ പരീക്ഷയിൽ ഉന്നതവിജയം നേടണം ഒന്നാമനാകണം"എന്നു പറയുന്ന അച്ഛനമ്മമാർ ധാരാളം ഇതിൽ എത്രപേർ നീ വാങ്ങുന്ന മാർക്ക് സത്യസന്ധമായും നേർവഴിയിലും നേടുന്നതാവണം എന്നും പറയാറുണ്ട്.തോറ്റാലും സാരമില്ല കള്ളത്തരം കാട്ടി ജീവക്കരുതെന്ന് പറയുന്ന എത്ര മാതാപിതാക്കളുണ്ട്.അമിതമായലാളനയും അതിരുകടന്ന ശ്രദ്ധയും മൂലം പലകുട്ടികളും കഴിവുകൾ നേടാതെ വളർന്നതിനുശേഷവും മാതാപിതാക്കളെ ആശ്രയിച്ചു നിൽക്കുന്നു. ഇത് വ്യക്തി വൈകല്യത്തിന് കാരണനാകുന്നു. ഓരോ പ്രായത്തിനും അതിനനുസരിച്ച് നന്മകളുടെ സന്ദേശം നൽകുക. സ്നേഹവും കരുണയും ആർദ്രതയുമൊക്കെ മനുശ്യർക്ക് മാത്രമുള്ള വികാരങ്ങളാണ്. ഈ വികാരം കുട്ടികൾക്ക് ബാല്യം മുതൽ നാം പകർന്നു നൽകണം. പക്വത നേടുക വ്യക്തിത്വ വികസനത്തിന്റെ സുപ്രധാന കാര്യമാണ്. ശാരീരിക പക്വത, വിവേകപൂർവ്വമായ ചിന്ത, നിരീക്ഷണ ശക്തി, പ്രതികരണ ശേഷി, പ്രതിഭാ സമ്പന്നരിൽ നിന്നുള്ള പഠനം, ധാർമിക പക്വത ഇവയെല്ലാം നേടിയാലേ മനുഷത്വ പൂർണ്ണത ഉണ്ടാകൂ.

ചെറുപ്പം മുതലേ കുട്ടികൾക്ക് നല്ല ശീലങ്ങൾ പഠിപ്പിക്കുക. നന്മയുടെ നല്ല ഉടമകളാകട്ടെ, സുഗന്ധം പരത്തുന്ന പനിനീർ ചെടികളെപ്പോലെ...... അതിനായി നമുക്കോരോരുത്തർക്കും കൈകോർക്കാം.ശേഷവും മാതാപിതാക്കളെ ആശ്രയിച്ചു നിൽക്കുന്നു. ഇത് വ്യക്തി വൈകല്യത്തിന് കാരണനാകുന്നു.

ഓരോ പ്രായത്തിനും അതിനനുസരിച്ച് നന്മകളുടെ സന്ദേശം നൽകുക. സ്നേഹവും കരുണയും ആർദ്രതയുമൊക്കെ മനുശ്യർക്ക് മാത്രമുള്ള വികാരങ്ങളാണ്. ഈ വികാരം കുട്ടികൾക്ക് ബാല്യം മുതൽ നാം പകർന്നു നൽകണം. പക്വത നേടുക വ്യക്തിത്വ വികസനത്തിന്റെ സുപ്രധാന കാര്യമാണ്. ശാരീരിക പക്വത,

വിവേകപൂർവ്വമായ ചിന്ത, നിരീക്ഷണ ശക്തി, പ്രതികരണ ശേഷി, പ്രതിഭാ സമ്പന്നരിൽ നിന്നുള്ള പഠനം, ധാർമിക പക്വത ഇവയെല്ലാം നേടിയാലേ മനുഷത്വ പൂർണ്ണത ഉണ്ടാകൂ.

ചെറുപ്പം മുതലേ കുട്ടികൾക്ക് നല്ല ശീലങ്ങൾ പഠിപ്പിക്കുക. നമ്മയുടെ നല്ല ഉടമകളാകട്ടെ, സുഗന്ധം പരത്തുന്ന പനിനീർ ചെടികളെപ്പോലെ ....... അതിനായി നമുക്കോരോരുത്തർക്കും കൈകോർക്കാം.

# ഗണിതം: ശാസ്ത്രലോകത്തിന്റെ കവാടം

"യഥാ ശിഖാ മയൂരാണം
നാഗാനാം മണയോ തഥാ
തദ് വദ് വേദാംഗ ശാസ്ത്രാണാം"

മയിലിന്റെ ശിരസ്സിലെ ചൂഡപോലയും സർപ്പത്തിന്റെ മൂർദ്ധാവിലെ രക്തത്തെപ്പോലെയും ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിതം പ്രധാനസ്ഥാനം അലങ്കരിക്കുന്നു എന്നാണ് ഈ വരികൾ അർത്ഥമാക്കുന്നത്. ഗണിതത്തിന് പുരാതന കാലത്തുതന്നെ അത്രയേറെ പ്രാധാന്യം നൽകിയിരുന്നു.കാലം കഴിയുന്തോറും ഗണിതത്തിന്റ പ്രാധാന്യം കൂടുകയാണ് ചെയ്യുന്നത്. നമ്മുടെ നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം കമ്പ്യൂട്ടർ എന്ന അത്ഭുതയന്ത്രം മാത്രം ശ്രദ്ധിച്ചാൽ മതിയാകും.കമ്പ്യൂട്ടറിന്റെ സംഖ്യാസമ്പ്രദായം ദ്വയാഗ സമ്പ്രദായമാണ്. അതായത് ഇതിൽ ഉപയോഗിച്ചിരിക്കുന്നത് മനുഷ്യൻ ആദ്യം കണ്ടുപിടിച്ച "ഒന്നും" ഏറ്റവും ഒടുവിൽ കണ്ടുപിടിച്ച പൂജ്യവുമാണ്.



ഭാരതത്തിന്റെ മഹത്തായ കണ്ടുപിടുത്തമായ പൂജ്യം വെറും പൂജ്യമല്ല.ലോകത്തിൽ ഇതേവരയുള്ള ഏത് കണ്ടു പിടുത്തത്തെക്കാളും മികച്ച കണ്ടുപിടുത്തമാണ് പൂജ്യം.ഇന്ന് ലോകം ഭരിക്കുന്നത് ഒർത്ഥത്തിൽ പൂജ്യവും ഒന്നും ആണെന്ന് പറയാം.

ഗണിതം ശാസ്ത്രങ്ങളുടെ മാത്രം റാണിയല്ല. എല്ലാ വിജ്ഞാന ശാഖകളുടെയും എല്ലാ പഠനശാഖകളുടെയും റാണിയാണ്.

"മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടെന്നെഴുത്തുകൾ" എന്ന ലക്ഷണമുള്ള കേകവൃത്തത്തിൽ കവിതയെഴുതുന്ന കവിക്ക് ഗണിതവിജ്ഞാനമില്ലേ? ചിത്രം വരയ്ക്കാൻ കനകാനുപാദം ഉപയോഗിക്കുന്ന ചിത്രകാരന് ഗണിതവിജ്ഞാനമില്ലെന്ന് പറയാൻ സാധിക്കുമോ?

ARUN KUMAR.S 9E



Jibin X D

*St. Joseph's H. S. S. Pulincunnoo*